**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6719** **11-07-2024 - ൽ മറുപടിയ്ക്ക്**

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന തലത്തിൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയവർക്ക് എന്ന് വരെയുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 2018-19 വരെ നൽകിയിട്ടുണ്ട്. 2019-20 മുതൽക്കുള്ള കാലയളവിൽ അനുവദിച്ച തുക മതിയാകാത്ത സാഹചര്യത്തിൽ അർഹരായ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. നിലവിൽ കുടിശ്ശിക തീർത്ത് സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സ്കോളർഷിപ്പ് മുഴുവൻ വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കുമോ; ഇതിനായി നടപ്പ് സാമ്പത്തിക വർഷവും കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ ; | (ബി) | സ്കോളർഷിപ്പ് മുഴുവൻ വിതരണം ചെയ്യുന്നതിന് 34.56 കോടി രൂപ വേണ്ടി വരും. 2022-23 വർഷത്തിൽ 3.48 കോടി രൂപയും 2023-24 വർഷത്തിലേയ്ക്ക് 3.06 കോടി രൂപയും അനുവദിക്കുകയും കുടിശ്ശിക മുൻഗണനാ ക്രമത്തിൽ കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് DBT മുഖേന വിതരണം ചെയ്തിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 2.86 കോടി രൂപയും അതോടൊപ്പം മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് നടപ്പ് സാമ്പത്തിക വർഷം 27.61 കോടി രൂപ അധികമായും അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം സ്കോളർഷിപ്പ് തുകയുടെ വിതരണ നടപടികൾ പുരോഗമിച്ചു വരുന്നു. സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ ഇതിനായി രൂപീകരിച്ചിട്ടുള്ള പോർട്ടലിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് സ്കോളർഷിപ്പ് തുകകളുടെ വിതരണം DBT മുഖാന്തിരം കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്കോളർഷിപ്പ് റിസൾട്ട് വരുമ്പോൾ ചെയ്യേണ്ട വിവരശേഖരണം അനന്തമായി നീളുന്നതു കൊണ്ടാണ് പ്രസ്തുത സ്കോളർഷിപ്പ് വിതരണം മുടങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ റിസൾട്ട് പ്രഖ്യാപിക്കുമ്പോൾ തന്നെ യോഗ്യരായ കുട്ടികളുടെ പട്ടിക അതാത് വർഷം തന്നെ പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം യോഗ്യരായ കുട്ടികൾ വിവിധ കാരണങ്ങളാൽ സ്കൂൾ മാറുന്ന അവസരത്തിൽ അർഹതപ്പെട്ട കുട്ടികളുടെ സ്കോളർഷിപ്പ് സംബന്ധിച്ച വിവരം പുതുതായി ചേരുന്ന സ്കൂളിൽ യഥാസമയം |

| | | | |
|---|---|---|---|
| | | | ലഭ്യമല്ലാത്തതിനാൽ, ടി വിഭാഗത്തിലുള്ള കുട്ടികളുടെ വിവര ശേഖരണത്തിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായി പരീക്ഷാഭവൻ മുഖാന്തരം ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുള്ളതും അതുവഴി സ്കോളർഷിപ്പിന് യോഗ്യരായ കുട്ടികൾക്ക് നിലവിൽ പഠിക്കുന്ന സ്കൂളിൽ നിന്നും സ്കോളർഷിപ്പ് തുക ഡി.ബി.റ്റി മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി യിട്ടുള്ളതും, അതിൻ പ്രകാരം 2023-24 വർഷം വരെ സ്കോളർഷിപ്പിന് യോഗ്യരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം കുടിശ്ശിക മുൻഗണനാ ക്രമത്തിൽ എത്തിക്കുന്ന നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ